## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 541 27.03.2018-ൽ മറുപടിയ്ക്ക്

### പദ്ധതികളിലും പ്രോജക്ടുകളിലും വിദഗ്ധരുടെ പങ്കാളിത്തം

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജനകീയാസൂത്രണ പദ്ധതികളിലും പ്രോജക്റ്റുകളിലും സാങ്കേതിക മികവും വിദഗ്ധരുടെ പങ്കാളിത്തവും കുറവാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തണമെന്ന് ഇത് സംബന്ധിച്ച മുൻകാല പഠനങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 2017-18 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ആസൂത്രണ സമിതികൾക്ക് രൂപം നൽകുകയുണ്ടായി. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ജില്ലാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജില്ലകളിലും വിദഗ്ധരുടെ സേവനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാന-ജില്ലാ തലത്തിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായുള്ള വിദഗ്ധരുടെ പാനലിനു രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രാദേശിക സർക്കാരുകൾക്ക് വിദഗ്ധരുടെയും വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളിലെയും മറ്റുമുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെട്ട വിദഗ്ധരുടെ ആദ്യഘട്ട ശില്പശാല 2018 മാർച്ച് 9, 10 തീയതികളിൽ തൃശ്ശൂർ കിലയിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വച്ച് നടക്കുകയുണ്ടായി. വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ ജില്ലാതലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായം പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഉന്നത് ഭാരത് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിവക്ഷിക്കുന്ന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (സി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ധരുടെ പങ്കാളിത്തം ഉപയോഗിക്കാനുള്ള ശ്രമം താഴെത്തട്ടിൽ തദ്ദേശഭരണ സ്ഥാപന തലത്തിലും, ജില്ലാ പദ്ധതി രൂപീകരണത്തിനായി ജില്ലാ തലത്തിലും നടത്തി വരുന്നുണ്ട്. ലൈഫ് പദ്ധതിയിൽ സാങ്കേതിക സഹായം നൽകുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി സംസ്ഥാനത്തെ വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബ്ലോക്ക് തലത്തിൽ നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉന്നത് ഭാരത് അഭിയാൻ പ്രകാരം കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന സേവനങ്ങൾ കൂടി ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. |
| (ഡി) | സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ സന്നദ്ധസേവനവും ഉപദേശവും നല്കാൻ തയ്യാറുള്ള വിദഗ്ധൻമാരുടെയും സ്ഥാപനങ്ങളുടെയും പാനൽ തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാന ജില്ലാതലത്തിൽ സന്നദ്ധസേവനത്തിന് തയ്യാറുള്ള വിദഗ്ധന്മാരുടെ ഒരു പാനൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ